# എറണാകുളം റൂറൽ പോലീസ് ജില്ലയിൽ ജൈവപച്ചക്കറി കൃഷിക്ക് തുടക്കം കുറിച്ചു.

എറണകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ജനമൈത്രി പോലീസിംഗിന്റെ ഭാഗമായി ബിനാനിപുരം പോലീസ് സ്റ്റേഷൻ കോമ്പൌണ്ടിൽ കാട്കയറി ഉപയോഗശൂന്യമായി കിടന്നിരുന്ന രണ്ട് ഏക്കറോളം സ്ഥലത്ത് കൃഷി വകുപ്പിന്റെ കൂടി സഹകരണത്തോടെ നൂതനമായ രീതിയിൽ ജൈവപച്ചക്കറി കൃഷിക്ക് തുടക്കം കുറിച്ചു.

ഇന്ന് (12-12-2017) രാവിലെ 9.30 മണിക്ക് നടന്ന പരിപാടി ബഹു.കൊച്ചി റേഞ്ച് ഐ.ജി. ശ്രീ.പി.വിജയൻ ഐ.പി.എസ് അവർകൾ ഉദ്ഘാടനം ചെയ്തു. ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ & കൺവീനർ (ജൈവകൃഷി കൂട്ടായ്മ) ശ്രീ.ടി.കെ.ഷാജഹാൻ സ്വാഗതം ആശംസിച്ചു. Ex MP ശ്രീ.പി.രാജീവ് മുഖ്യാതിഥിയായി പങ്കെടുത്തു.

പെരുമ്പാവൂർ ഡി.വൈ.എസ്.പി ജി.വേണു, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രത്നമ്മ സുരേഷ്, ജില്ലാപഞ്ചായത്ത്മെമ്പർ ശ്രീമതി ഷീബാ ജോസ്, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ സി.ജി.വേണു, സുഡ് കെമി. ബിനാനിപുരം HR ജനറൽ മാനേജർ ശ്രീ. സജി വി. മാത്യു, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി മോളി, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രതിപക്ഷനേതാവ് ശ്രീ വി.കെ..ഷാനവാസ്, ആലുവ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറൽ ശ്രീമതി.ഇ.എം.ബബിത, മുപ്പത്തടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് ശ്രീ.വി.എം. ശശി, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ജയപ്രകാശ്, മെമ്പർ ശ്രീ.സുഹൈബ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ബിനാനി പുരം പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ശ്രീ. മുഹമ്മദ് ബഷീർ നന്ദി പ്രകാശിപ്പിച്ചു.

തുടർന്ന് ജൈവപച്ചക്കറി കൃഷിക്കായി തയ്യാറാക്കിയ സ്ഥലത്ത് പാവൽ, പടവലം, വെണ്ട, വഴുതന തുടങ്ങി വിവിധ തരം പച്ചക്കറികളുടെ ഏകദേശം 500 ഓളം തൈകൾ നട്ടു. ഇതിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റുകളും പങ്കാളികളായി.

